# പതിനാലാം കേരള നിയമസഭ
# ഇരുപത്തി രണ്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 462
# 13/01/2021 ലെ മറുപടിക്ക്

**ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ**

| | ചോദ്യം<br>ശ്രീ. കെ. ഡി. പ്രസേനൻ | ഉത്തരം<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകൾക്ക് കുടിവെള്ള വിതരണം, സ്റ്റേഡിയം, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണങ്ങൾക്ക് എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ ലക്ഷ്യം. നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് സ.ഉ(അ) നം. 119/2018/ധന തീയതി 04/08/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017, സ.ഉ.(അ) നം. 156/2019/ധന. തീയതി 15.11.2019 എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ കെട്ടിട നിർമ്മാണം, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/ കളിസ്ഥല നിർമ്മാണം, സ്കൂൾ ചുറ്റമതിൽ നിർമ്മാണം എന്നിവയ്ക്ക് ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്/ സർക്കാർ ധനസഹായമായി നല്കുന്ന തുക വിനിയോഗിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ആയതിനാൽ, എയ്ഡഡ് സ്കൂളുകൾക്ക് കുടിവെള്ള വിതരണം, സ്റ്റേഡിയം, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണങ്ങൾക്ക് എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നത് പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ